Draft #8 of File 6262/AD A1/1/2019/AD A 1 (PART-I) Approved by ASSISTANT REGISTRAR I ADMINISTRATION on 17-May-2019 12:25 PM - Page 1

നമ്പർ. 6262/AD A1/1/AD A 1/AD A 1

## <u>സർക്കുലർ</u>

വിഷയം:- ജീവനക്കാര്യം - സർവ്വകലാശാലയിലെ പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും - ബോധവൽക്കരണ സെമിനാർ - സംബന്ധിച്ച്.

സൂചന :- രജിസ്ട്രാർ (i/c)-ൻറെ 10.05.2019-ലെ രജി./01/31/2019 നമ്പർ കുറിപ്പ്.

-------

110 ഏക്കറിൽ സ്ഥിതി ചെയ്യുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പ്രിയദർശിനി ഹിൽസ് ക്യാമ്പസിൽ ജീവനക്കാരും സന്ദർശകരുമുൾപ്പെടെ ആയിരക്കണക്കിന് ആളുകൾ ദിവസേന എത്തിച്ചേരുന്നുണ്ട്. ഇപ്രകാരം എത്തിച്ചേരുന്ന ആളുകൾ, ഉപയോഗശേഷം ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് പോലെയുള്ള അജീർണ്ണവസ്തുക്കൾ ക്യാമ്പസിൽ സങ്കീർണമായ പാരിസ്ഥിതിക, മാലിന്യ, ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായി വരികയാണ്.

നമ്മുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് പുതിയൊരു ജീവിത സംസ്കാരം രൂപപ്പെടുത്തേണ്ടത് ഈ ക്യാമ്പസിൻറെ എല്ലാത്തരത്തിലുമുള്ള സുസ്ഥിര വികസനത്തിന് ആവശ്യമാണ്. ഈ ക്യാമ്പസിനെ മറ്റ് പ്രദേശങ്ങൾക്ക് മാതൃകയാക്കാൻ പറ്റുന്ന വിധത്തിൽ മാറ്റിയെടുക്കുന്നതിന് ഇന്ന് ലഭ്യമായിട്ടുള്ള ഏത് സാങ്കേതിക വിദ്യയും നാം ഉപയോഗിക്കേണ്ടതായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, കോഴിക്കോട് IIM, NIT, കോഴിക്കോട് എയർപോർട്ട് എന്നിവയെ ഇത്തരത്തിൽ മാറ്റിയെടുത്തതിൻറെ ശിൽപികളായ കോഴിക്കോട് 'നിറവ്'-ൻറെ നേതൃത്വത്തിൽ 2019 മെയ് 20-ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ സർവ്വകലാശാല അസംബ്ലി ഹാളിൽ വെച്ച് ഒരു ബോധവൽക്കരണ സെമിനാർ നടത്തുന്നതാണ്. പ്രസ്തുത സെമിനാറിൽ നമ്മുടെ സർവകലാശാലയ്ക്ക് ആവശ്യമായ മാലിന്യ നിർമ്മാർജ്ജന സംസ്കാരത്തെക്കുറിച്ചുള്ള ചർച്ചയും നടത്തുന്നതാണ്.

മേൽ സൂചിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ പങ്കെടുക്കുവാൻ സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും വൈസ് ചാൻസിലർ (i/c) അനുവാദം നൽകിയിരിക്കുന്നു.

**മനോജ് കുമാർ .കെ. എസ്**
അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സെൻററുകൾ/സ്കൂളുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പി.ആർ.ഒ./ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി./ CITAD/ റെക്കോർഡ്സ് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ